# ജ്യേഷ്ഠ സഹോദരൻ മസ്ജിദുൽ ഹറാമിന് സഹോദരൻ ബൈത്തുൽ മഖ്ദിസ് എഴുതുന്നതെന്തെന്നാൽ....

പ്രിയ ജ്യേഷ്ഠ സഹോദരാ, പവിത്ര ഗേഹമേ
ഭൂമുഖത്ത് ആദ്യമായി നിർമിക്കപ്പെട്ട ഗേഹമാണല്ലോ താങ്കൾ.
മനുഷ്യകുലത്തോടൊപ്പം ജന്മം കൊണ്ട ശ്രേഷ്ഠ സൗധവും.
ലോകത്തിന്റെ കേന്ദ്രവും ഖിബ്‌ലയുമാണ് താങ്കൾ.
അമ്പിയാക്കളുടെയും സത്യവിശ്വാസികളുടെയും ഹൃദയങ്ങൾ കൺകുളിർക്കെ കാണാൻ കൊതിക്കുന്നതും
ദൈവമന്ദിരമേ താങ്കളെയാണല്ലോ. അല്ലാഹു താങ്കൾക്ക് ദീർഘായുസ്സ് നൽകി.
ഇനിയുമത് പ്രദാനം ചെയ്യട്ടെ.

എന്റെ പവിത്ര ഗേഹമേ........

ചരിത്രത്തിലുടനീളം അല്ലാഹു താങ്കളെ സംരക്ഷിച്ചുപോന്നിട്ടുണ്ട്. താങ്കളെ തകർക്കാൻ വന്ന അബ്റഹത്തിനെ എങ്ങനെയാണ് അല്ലാഹു നശിപ്പിച്ചതെന്ന് വിശ്വാസികൾ നിത്യേന പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. പ്രകൃതി ക്ഷോഭങ്ങളും കാലവും താങ്കളിൽ തീർത്ത കേടുപാടുകൾ വിശ്വാസികളുടെ കൈകളാൽ അവൻ പുതുക്കിപ്പണിതു. പ്രവാചകന്മാരുടെ പിതാവ് ഇബ്റാഹീമും മകൻ ഇസ്മാഈലും പടുത്തുയർത്തിയ മന്ദിരം. തൗഹീദിന്റെ മാറ്റൊലികൾ ലോകത്ത് പ്രസരിച്ചത് താങ്കളിൽനിന്നാണ്. ദൈവകൽപന കേട്ട് ഇബ്റാഹീം മാലോകരെ ഒന്നേ വിളിച്ചുള്ളൂ. അന്നു മുതൽ വർഷാവർഷം ഹജ്ജ് തീർഥാടനത്തിനായി എത്ര കോടി ജനങ്ങളാണ് വന്നുപോയത്. അതല്ലാതെയും എത്രയോ സന്ദർശകർ. അവരുടെ തക്ബീർ ധ്വനികളിലും ഹൃത്തടം പൊട്ടിയുള്ള പ്രാർഥനാ മന്ത്രങ്ങളിലും എത്രയോ വട്ടം താങ്കൾ പുളകിതനായിട്ടുണ്ട്! അല്ലാഹു താങ്കളെ ലോകത്ത് അവശേഷിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. താങ്കളെ ശ്രേഷ്ഠനാക്കി, മഹാനാക്കി, ബഹുമാന്യനുമാക്കി. താങ്കളുടെ സവിധത്തിലെ നമസ്കാരം ഒരു ലക്ഷം നമസ്കാരത്തിനു തുല്യമാക്കി.

എന്നാൽ, താങ്കൾക്ക് ശേഷം വന്ന താങ്കളുടെ കുഞ്ഞനുജനായ എനിക്ക് അല്ലാഹു നൽകിയ ശ്രേഷ്ഠത നീണ്ട കാലത്തോളം ജനമറിഞ്ഞില്ല. താങ്കളുടെ ശ്രേഷ്ഠതയും കുറെക്കാലം അവർക്ക് മനസ്സിലായിരുന്നില്ലല്ലോ. താങ്കൾക്ക് സംഭവിച്ചതുപോലെ. എനിക്കും ഈ കൊച്ചു പട്ടണത്തിനും പല തരത്തിൽ കേടുപാടുകളും നാശനഷ്ടങ്ങളും സംഭവിച്ചു. അല്ലാഹു അവന്റെ കാരുണ്യത്തിന്റെ കരങ്ങൾ എന്നിലേക്കും നീട്ടി. താങ്കൾക്കവൻ കാരുണ്യം ചെയ്തതുപോലെ. അങ്ങനെ ഞാനുൾക്കൊള്ളുന്ന ഈ 'ഖുദ്സ്' പട്ടണത്തിലേക്ക്, ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും അതേ ദൗത്യവുമായി അന്ത്യപ്രവാചകൻ മുഹമ്മദിനെ അല്ലാഹു അയച്ചു. എന്റെ മേലുള്ള മുസ്‌ലിംകളുടെ ആദ്യത്തെ വിജയം, ഹിജ്റ 15-ാം വർഷം റബീഉൽ ആഖിറിലായിരുന്നു.

തൗഹീദിന്റെയും ഇസ്‌ലാമികാധ്യാപനങ്ങളുടെയും പ്രചാരണത്തിൽ എന്റെ പങ്കാളിത്തം

വീണ്ടും സജീവമായി. അങ്ങനെ അല്ലാഹു എന്നെ ആദരിച്ചു. നബിക്കും മുസ്‌ലിംകൾക്കുമുള്ള ആദ്യ ഖിബ്‌ലയായി എന്നെ പരിഗണിച്ചു. എന്റെ ചാരത്ത് വന്നുള്ള നമസ്കാരത്തിന് അല്ലാഹു 500 ഇരട്ടി പ്രതിഫലം വാഗ്ദാനം ചെയ്തു.

ആധുനിക കാലഘട്ടമായപ്പോൾ, യഹൂദർ അവരുടെ സമ്പത്തും മാധ്യമങ്ങളുമുപയോഗിച്ച് യൂറോപ്പിൽ ആധിപത്യമുറപ്പിക്കാൻ തുടങ്ങി. ബ്രിട്ടൻ സാധ്യമാകുന്ന എല്ലാ ഒത്താശകളും യഹൂദർക്ക് ചെയ്തുകൊടുത്ത ശേഷമായിരുന്നു, ലണ്ടനിൽ 'സൈക്സ് – പീക്കോ' അരങ്ങേറിയത്. 1887–ൽ, സ്വിറ്റ്സർലണ്ടിൽ ഹെർസലിന്റെ നേതൃത്വത്തിൽ നടന്ന 'ബാൽ' സമ്മേളന ശേഷമാണ് സയണിസ്റ്റ് പദ്ധതികളെല്ലാം വളരെ വേഗത്തിൽ പ്രാവർത്തികമാകാൻ തുടങ്ങിയത്. ബ്രിട്ടൻ പരസ്യമായും യൂറോപ്പും അമേരിക്കയും രഹസ്യമായും ജൂതരെ സഹായിച്ചുകൊണ്ടിരുന്നു.

എന്റെ പ്രിയ സഹോദരാ, പുതിയ പുതിയ വിഷമതകളാണ് ഇന്ന് ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറേ കാലങ്ങളായി എന്റെ തിരുമുറ്റത്ത് യുവാക്കൾ നമസ്കരിക്കാൻ വരാറില്ല. അവർക്കിഷ്ടമില്ലാത്തതുകൊണ്ടല്ല. സയണിസ്റ്റ് സൈന്യം യുവാക്കൾക്ക് പ്രാർഥനാനുമതി നിഷേധിച്ചിരിക്കുകയാണ്. ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കുന്നതിനു പോലും നിശ്ചിത ആളുകൾക്കേ അനുമതിയുള്ളൂ. അവർ തന്നെ പ്രായമേറിയവരാണ്. എന്റെ ചാരത്ത് വെടിയുണ്ടകളേറ്റ് പിടഞ്ഞുമരിച്ച എത്ര യുവാക്കളുണ്ടെന്നോ? നിയന്ത്രണം ലംഘിച്ചുവെന്നാരോപിച്ചാണ് അവർ വധിക്കപ്പെടുന്നത്.

പ്രകൃതി ക്ഷോഭങ്ങൾ കൊണ്ടേ താങ്കൾ കേടുപാടുകൾക്ക് വിധേയമായിട്ടുള്ളൂ. പക്ഷേ, എനിക്ക് പലവിധത്തിലുമുള്ള അക്രമങ്ങൾക്ക് വിധേയനാകേണ്ടിവന്നു. 1969–ൽ, ഒരു ക്രൈസ്തവ സയണിസ്റ്റ്, സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബി പണികഴിപ്പിച്ച മിമ്പർ അഗ്നിക്കിരയാക്കി. 1982 ആഗസ്റ്റ് 21–ന് ഒരു ജൂത ഭീകരവാദി മസ്ജിദുസ്സഖ്റയുടെ മുകളിൽ കയറി, പ്രാർഥിക്കാൻ വന്ന മുസ്‌ലിംകൾക്കു നേരെ നിഷ്കരുണം നിറയൊഴിച്ചു. നിരവധി പേർ മരിച്ചുവീണു. അതിലുമധികം പേർക്ക് പരിക്കേറ്റു.

എനിക്കെതിരിലുള്ള പ്രത്യക്ഷമായ അക്രമങ്ങൾ തൽക്കാലം മാറ്റിവെക്കാം. എന്റെ നിലനിൽപിനെ ഇപ്പോൾ കൂടുതൽ അപകടപ്പെടുത്തുന്നത് അതൊന്നുമല്ല. പര്യവേക്ഷണം എന്ന പേരിൽ ഇസ്രയേൽ ഗവൺമെന്റ് എന്റെ അടിത്തറ കുഴിച്ചുകൊണ്ടിരിക്കുകയാണ്; ഞാനൊന്ന് നിലംപൊത്തിക്കാണാൻ. മത–രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായുള്ള സന്ദർശനങ്ങൾ എന്റെ പരിസരത്ത് നിയന്ത്രിച്ചിരുന്നതാണ്. ഇപ്പോൾ ടൂറിസത്തിന്റെ പേരിൽ ജൂതർക്ക് പ്രവേശനാനുമതി നൽകിയിരിക്കുന്നു. ഈ ടൂറിസ്റ്റുകൾ ഇപ്പോൾ അവർക്കു കൂടി പ്രാർഥനാനുമതി നൽകണമെന്ന് വാദിച്ചുതുടങ്ങി. ഒരു മുസ്‌ലിം പള്ളിയിൽ അവർക്കും പ്രാർഥനാനുമതി നൽകണമത്രെ! എന്നെ പൂർണമായും മുസ്‌ലിംകളുടെ കൈകളിൽനിന്ന് തട്ടിയെടുക്കാനുള്ള ഒരു അടവ് മാത്രമാണിത്. സുലൈമാൻ നബിയിലേക്ക് ചേർത്തുപറയുന്ന, അവരുടേതെന്ന് അവകാശപ്പെടുന്ന ഹൈക്കലു സുലൈമാൻ എന്റെയരികിൽ നിലനിന്നുവെന്നതിലേക്ക് സൂചന നൽകുന്ന ഒരടയാളവും അവിടെയില്ല. എന്റെ നാശവും അധഃപതനവും കണ്ടാൽ മാത്രം മതി അവർക്ക്. സയണിസ്റ്റുകൾ അവരുടെ പ്രാർഥനാ മതിൽ എന്നു വിളിക്കുന്ന, ബുറാഖ് ചുമരിൽ കേന്ദ്രീകരിച്ചിരിക്കുകയാണവരിപ്പോൾ.

എന്റെ ശ്രേഷ്ഠ സഹോദരാ..........

പരിപാവന ഗേഹമേ........., ഇസ്രാഅ് അധ്യായത്തിന്റെ പ്രാരംഭത്തിൽ, എന്നെയും താങ്കളെയും ഒരുമിച്ചു ചേർത്ത നാഥനെ മുൻനിർത്തി ഞാൻ താങ്കളോട് ചോദിക്കട്ടെ.

താങ്കളെ സന്ദർശിക്കുന്നവരോട് എന്റെ കാര്യമൊന്ന് ഓർമപ്പെടുത്തണേ... ഇസ്‌ലാമിനെ വലയം ചെയ്തിരിക്കുന്ന ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്നുള്ള സുരക്ഷക്കു വേണ്ടി, അല്ലാഹുവോട് പ്രാർഥിക്കാൻ. എനിക്ക് വേണ്ടി പ്രാർഥന മാത്രം പോരാ... ആ പ്രാർഥനയോടൊപ്പം എന്റെയും ഖുദ്സിന്റെയും ഫലസ്തീനിന്റെയും മോചനത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ കൂടി അനിവാര്യമാണ്. ഹൃദയത്തിൽ രക്തസാക്ഷിത്വം കാത്തുസൂക്ഷിക്കുന്ന, താങ്കളുടെ അരികിൽ വന്ന് രക്തസാക്ഷിത്വത്തിനു വേണ്ടി തേടുന്നവരെ താങ്കൾ ഓർമിപ്പിക്കണം, ഞാൻ നാശത്തിന്റെ വക്കിലാണെന്ന്. എന്റെ മിനാരങ്ങളിൽനിന്ന് ബാങ്കൊലികൾ നിലക്കും മുമ്പ്, എന്റെ ചുമരുകൾ തകർന്നടിയും മുമ്പ്, എന്റെ സംരക്ഷണത്തിന് അണിനിരക്കാൻ അവരോട് പറയുക.

"അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ടവണ്ണം സമരം ചെയ്യുവിൻ. അവൻ തന്റെ

ദൗത്യത്തിനു വേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുകയാകുന്നു. ദീനിൽ നിങ്ങളുടെ മേൽ യാതൊരു ക്ലിഷ്ടതയുമുണ്ടാക്കിവെച്ചിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മതത്തിൽ നിലകൊള്ളുന്നവരാകുവിൻ. അല്ലാഹു പണ്ടേതന്നെ നിങ്ങൾക്ക് 'മുസ്ലിംകൾ' എന്ന് നാമകരണം ചെയ്തിട്ടുണ്ടായിരുന്നു; ഇതിലും (ഖുർആനിലും നിങ്ങളുടെ പേര് അതുതന്നെയാകുന്നു) ദൈവ ദൂതൻ നിങ്ങൾ സാക്ഷിയാകേണ്ടതിന്; നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളാകേണ്ടതിനും. അതി നാൽ നമസ്കാരം നിലനിർത്തുവിൻ. സകാത്ത് കൊടുക്കുവിൻ. അല്ലാഹുവിനെ മുറുകെപ്പിടിച്ചു കൊള്ളുവിൻ. അവനാകുന്നു നിങ്ങളുടെ രക്ഷകൻ. ആ രക്ഷകൻ ബഹുശ്രേഷ്ഠൻ തന്നെ. ആ സഹായിയും ബഹുശ്രേഷ്ഠൻ" (*സൂറത്തുൽ ഹജ്ജ്* 78).

എനിക്കെതിരിലുള്ള അതിക്രമങ്ങളെക്കുറിച്ച് ജാഗരൂകരാവുക. എന്റെ ഭാവി സംരക്ഷണ ത്തെക്കുറിച്ചും... അതേക്കുറിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും. തീർച്ച!

(അവലംബം: *അൽമുജ്തമഅ്* വാരിക, വിവ: മുനീർ മുഹമ്മദ് റഫീഖ്.
munialva08@gmail.com)